Kerala Homestay and Tourism Society
Reg. No. ER 99/08
*Registered under Travancore Cochin Charitable Societies Act.*

Kerala Homestay & Tourism Society

To

**Shri. Kadakampally Surendran**
Minister for Tourism
Govt. of Kerala
Thiruvananthapuram

**വിഷയം: കേരളത്തിലെ ഹോംസ്റ്റേ സംരംഭം നിർത്തി പോകാതിരിക്കാൻ LSGD, Tourism വകുപ്പുകളുടെ സംയുക്ത യോഗം (ബഹു. ടൂറിസം വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ) വിളിച്ചു ചേർക്കുന്നത് സംബന്ധിച്ച്**

സർ,

അങ്ങ് 2017 ൽ പ്രഖ്യാപിച്ച ടൂറിസം നയത്തിൽ 1000/ക്ലാസിഫൈഡ് ഹോംസ്റ്റേകൾ രൂപീകരിക്കുമെന്നു അറിയിച്ചിരുന്നു. അങ്ങയുടെ ലക്ഷ്യം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് Kerala Hats ഉം പ്രവർത്തിച്ചുവരുന്നത്.

എന്നാൽ നിലവിലെ സാഹചര്യം കണക്കിലെടുക്കുമ്പോൾ നമുക്കു ഈ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയില്ല. ഇതിന്റെ കാരണങ്ങളും പരിഹാരങ്ങളും അങ്ങയുടെ അടിയന്തിര ശ്രദ്ധയിലേക്കും നടപടിയിലേക്കും സമർപ്പിക്കുന്നു.

**പ്രശ്നങ്ങൾ**

1) ടൂറിസം വകുപ്പിൽ നിന്നും ഒരു കുടുംബം ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് എടുക്കണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓണർ കം റസിഡൻസ് സർട്ടിഫിക്കറ്റ് എടുക്കണം. ഇത് എടുക്കണമെങ്കിൽ 2015 എൽഎസ്ജിഡി ഇറക്കിയ ഉത്തരവുപ്രകാരം (കോപ്പിവയ്ക്കുന്നു) സ്ക്വയർമീറ്ററിൽ 30 രൂപ മുതൽ 60 രൂപ വരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആദ്യം കെട്ടിവയ്ക്കണം.

2) 5 അംഗങ്ങളുടെ ഒരു കുടുംബത്തിൽ 4 കിടപ്പുമുറിയിൽ 1 മുറിക്കു മാത്രം ക്ലാസിഫിക്കേഷനു അപേക്ഷിച്ചാലും വീടിന്റെ മൊത്തം പ്ലിൻത് ഏരിയാക്ക് പഞ്ചായത്തുകൾ തുക ഈടാക്കും. ഉദാ: 1000 സ്ക്വയർ മീറ്ററുള്ള ഒരു വീടാണെങ്കിൽ 1000 x 60 = 60,000 രൂപ (അറുപതിനായിരം) കെട്ടിവയ്ക്കേണ്ടി വരും. നിലവിൽ പല പഞ്ചായത്തുകളും തുക വാങ്ങിക്കൊണ്ടിരിക്കുന്നു.

3) ടൂറിസം വകുപ്പിൽ നിന്നും ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയാൽ വിദേശ ഗസ്റ്റുകളെ താമസിപ്പിക്കണമെങ്കിൽ FRRO യിൽ രജിസ്ട്രർ ചെയ്തു പാസ്‌വേർഡ് വാങ്ങണം. FRRO യിൽ രജിസ്റ്റർ ചെയ്യണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും 'ലൈസൻസ്' നിർബന്ധമാണ് ലൈസൻസു വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ചെല്ലുമ്പോൾ താൻ താമസിക്കുന്ന വീട് ഒരു കൊമേഴ്സ്യൽ സ്ഥാപനമാക്കി മാറ്റി പുതിയ നമ്പറിട്ടാൽ മാത്രമേ ലൈസൻസ് തരുകയുള്ളൂ.

4) ടൂറിസം വകുപ്പിന്റെ പ്രോത്സാഹന പ്രകാരം ഹോംസ്റ്റേകളിലെ ക്ലാസിഫിക്കേഷനുള്ള വീടുകളാക്കാൻ ചെല്ലുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീടുകളെ വ്യവസായ യൂണിറ്റുകളാക്കി മാറ്റുന്നു.

Chairman - **P.N. Prasannakumar**. Mob : 9495527022 (Member Kerala Khadi and Village Industries) Vice Chairman - **T.B. Jagadeesh Kumar** Mob : 9846044211
Director - **M.P. Sivadathan** (Former Panchayath President, Kumbalangi) Mob : 93492 53124, 9496693124 E-mail : sivadattan@gmail.com
Technical Expert - **Dr. K. Muraleedhara Menon** (Former Director, Hydel Tourism, Govt. of Kerala) Mob : 93878 12067
Avittom, 16/239 C, Main Road, Tripunithura - 682 301, Ernakulam, Kerala, E-mail : keralahats@gmail.com
**www.homestaykerala.org**

5) ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റും ലൈസൻസും എടുക്കുന്നതോടെ ഒരു വീട്ടുടമ നാളിതുവരെ തനിക്ക് വീട് എന്ന നിലയിൽ സർക്കാർ നൽകി വന്ന അധികാരങ്ങളും, ആനുകൂല്യങ്ങളും നഷ്ടപ്പെടുന്ന സാഹചര്യത്തിലാകുന്നു. തന്റെ വീട് ഒരു "കൊമേഴ്സ്യൽ" സ്ഥാപനമായി മാറ്റപ്പെടുന്നു.

6) ഹോംസ്റ്റേ ലൈസൻസ് ലഭ്യമാക്കുന്നതോടെ KWA തന്റെ കുടുംബം മുഴുവൻ ഉപയോഗിച്ചു വന്ന കുടിവെള്ളത്തിനു വ്യവസായ താരിഫ് ചുമത്തുന്നു.

7) തദ്ദേശസ്വയംഭരണ വകുപ്പ് ഹോംസ്റ്റേ സർട്ടിഫിക്കറ്റ് കൊടുക്കുന്നതോടെ തൊഴിൽവകുപ് തന്റെ വീടിനെ കൊമേഴ്സ്യൽ സ്ഥാപനമാക്കി കണക്കാക്കി ലേബർ ഡിപ്പാർട്ട്മെന്റിൽ രജിസ്ട്രർ ചെയ്യാൻ നോട്ടീസു നൽകുന്നു.

8) സംസ്ഥാന "പൊലൂഷൻ കൺട്രോൾ ബോർഡും" ഹോംസ്റ്റേകളെ കൊമേഴ്സ്യൽ സ്ഥാപനമാക്കി കണക്കാക്കി പൊലൂഷൻ ബോർഡിന്റെ ലൈസെൻസ് എടുക്കാൻ നോട്ടീസ് നൽകുന്നു.

9) തന്റെ വീടിന്റെ നിർമ്മാണ ചിലവ്, വീട്ടിലുള്ള ഉപകരണങ്ങളുടെ വില, വീടിരിക്കുന്ന സ്ഥലത്തിന്റെ മൊത്തം തുക ഇവയെല്ലാം കണക്ക് കൂട്ടി അതിന്റെ 6% (ചിലപ്പോൾ തോന്നിയതുപോലെ) രൂപ പൊലൂഷൻ ബോർഡിൽ കെട്ടിവച്ചാലെ ലൈസൻസ് കൊടുക്കുകയുള്ളു. ഇടുക്കി ജില്ലയിൽ ഇപ്പൾ എല്ലാ ഹോംസ്റ്റേകൾക്കും സ്റ്റോഫ് മെമ്മോ കൊടുത്തിരിക്കുകയാണ്. 2 മുറിയുള്ള ഒരു ഹോംസ്റ്റേ സംരംഭകൻ 25,000/- രൂപ വരെ ഈ സർട്ടിഫിക്കറ്റ് വാങ്ങാൻ ചിലവാക്കണം.

10) ഹോംസ്റ്റേകളെ കൊമേഴ്സ്യൽ കാറ്റഗറിയിലാക്കിയിരിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പുകൾ "പ്രൊഫഷൽ ടാക്സ്" നിലവിൽ ഈടാക്കാൻ നോട്ടീസ് കൊടുത്തുവരുന്നു. കൊച്ചി കോർപ്പറേഷൻ ഒരു വീടിന് ചുരുങ്ങിയത് 1500 രൂപ മുതൽ ചുമത്തിവരുന്നു.

സർ,

കേരളത്തിൽ വരുന്ന ടൂറിസ്റ്റുകൾ ഏറ്റവും കൂടുതൽ പേരും താമസിക്കാനാഗ്രഹിക്കുന്ന നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഹോംസ്റ്റേ സംരംഭത്തെ തകർക്കാൻ ആരോ ബോധപൂർവ്വം ശ്രമിക്കുന്നുണ്ട്.

**പരിഹാരനിർദ്ദേശങ്ങൾ**

1) 8-6-2016 ടൂറിസം ഡയറക്ടർ ടൂറിസം സെക്രട്ടറിക്ക് നൽകിയ കത്തിലെ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം (കോപ്പി വയ്ക്കുന്നു)

2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻഒസി യോടുകൂടി ടൂറിസം വകുപ്പിൽ നിന്നു മാത്രം ലൈസൻസോ, ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റോ ലഭിക്കുന്ന സംവിധാനം ഉണ്ടാകണം.

3) ഹോംസ്റ്റേ നടത്തുന്നതിനുവേണ്ടി അപേക്ഷിക്കുന്ന വീടുകളെ വീടുകളായി തന്നെ നിലനിർത്താൻ എൽഎസ്ജിഡിയെ കൊണ്ട് നടപടി എടുപ്പിക്കണം.

4) 2015 ഫെബ്രുവരി മാസം ഇറക്കിയ 406-ാം നമ്പർ ഉത്തരവ് പിൻവലിക്കാൻ നടപടിയുണ്ടാക്കണം (ഉത്തരവിന്റെ കോപ്പി വയ്ക്കുന്നു)

5) ഹോംസ്റ്റേകളെ ഒരു കൊമേഴ്സ്യൽ സ്ഥാപനമാക്കി മാറ്റാതെ സംസ്ഥാന സർക്കാർ ഒരു പ്രത്യേക ഉത്തരവു പ്രകാരം ഒരു "ഹോം യൂണിറ്റായി" ഹോംസ്റ്റേകളെ പരിഗണിക്കാൻ ഉത്തരവിറക്കണം.

6) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വരുന്ന ഒന്നിൽ കൂടുതലുള്ള ടാക്സുകൾ ഒഴിവാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എൻഒസി തരുമ്പോൾ ഒരു ചെറിയ തുക ഫീസനത്തിൽ വാങ്ങാവുന്നതാണ്.

**അപേക്ഷയോടൊപ്പം വയ്ക്കുന്ന മറ്റു രേഖകൾ**

1) ടൂറിസം വകുപ്പ് ഡയറക്ടർ 8-6-2016ൽ സെക്രട്ടറിക്ക് നൽകിയ കത്തിന്റെ പകർപ്പ്
2) 2015 ഫെബ്രുവരി മാസം എൽഎസ്ജിഡി വകുപ്പ് സെക്രട്ടറി ഇറക്കിയ ഉത്തരവ്
3) 9-11-2016ൽ കേരള ഹാറ്റ്സ് എൽഎസ്ജിഡി സെക്രട്ടറി ശ്രീ. ടി.കെ. ജോസ് ഐഎഎസ് നൽകിയ അപേക്ഷ
4) 6-7-2017ൽ നഗരകാര്യ ഡയറക്ടർ നൽകിയ വിവരവാകാശ മറുപടി
5) 21-6-2017ൽ പഞ്ചായത്ത് ഡയറക്ടർ നൽകിയ വിവരാവകാശ മറുപടി
6) 24-6-2017 വിനോദ സഞ്ചാരവകുപ്പ് വിവരാവകാശ മറുപടി
7) 7-9-2012 ലെ കെഎസ്ഇബിയുടെ വിവരാവകാശ മറുപടി
8) 21-2-2015 ടൂറിസം വകുപ്പിന്റെ ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ ഓർഡർ
9) 6-12-2016ൽ ഹാറ്റ്സ് ടൂറിസം മന്ത്രിക്കു നൽകിയ അപേക്ഷ

ആയതിനാൽ സംസ്ഥാന ടൂറിസം വകുപ്പിൽ അടുക്കും ചിട്ടയും വരുത്തി ശ്രദ്ധാപൂർവ്വമായ നേതൃത്വം നൽകി വരുന്ന ബഹു. അങ്ങ് മേൽ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്ന് വിനയമായി അപേക്ഷിക്കുന്നു.

എന്ന്,

**M. P. Sivadathan**
Director
Kerala Homestay & Tourism Society
(Kerala Hats)
Kumbalanghi P.O., Cochin - 7
E-mail: sivadattan@gmail.com. Mob: 93492 53124

Kochi
12-1-2018